കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - മോട്ടോർ വാഹന വകുപ്പിൽ സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(സി)വകുപ്പ്

സ.ഉ.(സാധാ) നം.193/2021/ഗതാഗതം    തീയതി,തിരുവനന്തപുരം, 16/06/2021

---

പരാമർശം:- 1 സ.ഉ.(അച്ചടി)നമ്പർ 5/2021/ഗതാഗതം തീയതി 27.01.2021.

2 ഗതാഗത കമ്മീഷണറുടെ 24.05.2021-ലെ A1/23/2021-TC-നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരമുള്ള ഗതാഗത കമ്മീഷണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിൽ ചുവടെ പറയുന്ന സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

**<u>I.ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ</u>**

- ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.ടി.എ ശ്രീ.രാജീവ് പുത്തലത് 31.05.2021-ന്ന സർവീസിൽ നിന്നും വിരമിച്ച ഒഴിവിലേക്ക് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മിഷണർ (എൻഫോഴ്സ്മെന്റ്) ആയ ശ്രീ.ടി.സി.വിനേഷിനെ നിയമിക്കുന്നു. ടിയാൻ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മിഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയുടെ പൂർണ്ണ അധികച്ചുമതല കൂടി ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ നിർവഹിക്കേണ്ടതാണ്.
- **<u>II.ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ</u>**

- ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ആയിരുന്ന ശ്രീ.പദ്മകുമാർ.കെ 31.05.2021-ന്ന വിരമിച്ച ഒഴിവിലേക്ക് പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ സീനിയർ ആയ തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.മനോജ് കുമാർ.കെ-യെ കെ.എസ് & എസ്.എസ്. ആർ ഭാഗം II, ചട്ടം 28 (ബി) (ഐ) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ 95,600-1,53,200/-ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.
- മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, എറണാകുളം, സോൺ II ആയിരുന്ന ശ്രീ.റജി.പി.വർഗീസ് 31.05.2021-ന്ന വിരമിച്ച ഒഴിവിലേക്ക് എറണാകുളം എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയ ശ്രീ.ഷാജി മാധവൻ- നെ കെ.എസ് & എസ്.എസ്. ആർ ഭാഗം II, ചട്ടം 28 (ബി) (ഐ) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ 95,600-

1,53,200/-ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു. നിലവിൽ ശ്രീ.ഷാജി മാധവൻ അധിക ചുമതല വഹിക്കുന്ന കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ സ്പെഷ്യൽ ഓഫീസർ എന്ന തസ്തികയുടെ അധിക ചുമതലയും ഇതോടൊപ്പം നിർവഹിക്കേണ്ടതാണ്.

- ഉത്തരമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, കോഴിക്കോട് ആയ ശ്രീ.ഷിബു.കെ.ഇട്ടി 31.05.2021-നു വിരമിച്ച ഒഴിവിലേക്ക് കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയ ശ്രീ.ആർ.രാജീവ്- നെ കെ.എസ് & എസ്.എസ്. ആർ ഭാഗം II, ചട്ടം 28 (ബി) (ഐ) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ 95,600-1,53,200/-ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.നു
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ ക്കു